**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 567** **05-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സൂക്ഷമ ചെറുകിട ഇടത്തര വ്യവസായമേഖലയിൽ നിലവിൽ എത്ര സംരംഭങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ; | (എ) | സൂക്ഷ്മ ചെറുകിട ഇടത്തര (MSME) മേഖലയിലെ സംരംഭങ്ങളുടെ വിവര ശേഖരണത്തിനായി തയ്യാറാക്കിയ വ്യവസായ ജാലകം പോർട്ടലിലെ നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് സൂക്ഷ്മ മേഖലയിൽ 138173 എണ്ണം, ചെറുകിട മേഖലയിൽ 8199 എണ്ണം, ഇടത്തരം മേഖലയിൽ 289 എണ്ണം എന്നിങ്ങനെ ആകെ 146661 സംരംഭങ്ങളാണുള്ളത്. |
| (ബി) | പുതുതായി എത്ര സംരംഭങ്ങളാണ് ഗ്രാമീണ മേഖലയിൽ ആരംഭിക്കുവാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | 2021 -22 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ആകെ 16,000 പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം അല്ലാതെ യുവജനങ്ങൾക്കായി ഗ്രാമീണ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, |

| | | | |
|---|---|---|---|
| | | | വിദ്യാർഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകത്വ ക്ലബുകൾ (ED Club) നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് വഴി നിരവധി സാമ്പത്തിക സഹായ പദ്ധതികൾ MSME മേഖലയിലെ സംരംഭകർക്കായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ യുവാക്കൾ (18 മുതൽ 45 വയസ്സ് വരെ), വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി 10% സബ്സിഡി അനുവദിക്കുന്നുണ്ട്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ 40 വയസ്സ വരെയുള്ള യുവസംരംഭകർക്ക് പ്രത്യേക പരിഗണന നൽകി അധിക ഗ്രാന്റ് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ